## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1183** | **02/05/2017-ൽ മറുപടിയ്ക്ക്**

## പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽനിന്നുള്ള കശുവണ്ടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവ് തോട്ടങ്ങളിൽ നിന്ന് ഈ വർഷം എത്ര മെട്രിക് ടൺ കശുവണ്ടി ഉത്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) വർഷങ്ങളായി ദർഘാസ് ലേലം മുഖേനയാണ് പ്ലാന്റേഷൻ കോർപ്പറേഷനിലെ വിവിധ എസ്റ്റേറ്റുകളിലെ കശുവണ്ടി വിൽപ്പന നടത്തിവരുന്നത്. തൻ വർഷം താഴെപ്പറയുന്ന എസ്റ്റേറ്റുകളിലെ കശുവണ്ടി, കശുവണ്ടി വികസന കോർപ്പറേഷനും, കാപെക്സിനും നൽകുകയും, ബാക്കി എസ്റ്റേറ്റുകളിലുള്ള 1385.26 ഹെക്ടർ സ്ഥലത്തെ 38 ബ്ലോക്കുകളിലെ കശുവണ്ടി ദർഘാസ് ലേലം മുഖേനയും നൽകുകയുമാണ് ചെയ്തിട്ടുള്ളത്. |

കശുവണ്ടി വികസന കോർപ്പറേഷന് നൽകിയതിന്റെ വിവരണം

| എസ്റ്റേറ്റ് | ഏരിയ (ഹെക്ടർ) | ബ്ലോക്കുകൾ |
|---|---|---|
| കാസർഗോഡ് | 1277.89 | 25 |
| രാജപുരം | 1522.68 | 26 |
| ചീമേനി & നാട്ടുകാണി | 783.00 | 14 |
| **ആകെ** | **3583.57** | **65** |

(contd...............)

| | | | |
|---|---|---|---|
| **ബി)** | പ്ലാന്റേഷൻ കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കശുവണ്ടി, കശുവണ്ടി കോർപ്പറേഷൻ, കാപ്പക്സ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് കരാറുണ്ടോ; വ്യക്തമാക്കുമോ; | **ബി)** | കരാറുണ്ട്. 30/01/2017-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.7/2017/വ്യ.വ. പ്രകാരമുള്ള ഉത്തരവിന്റെയും, ടി ഉത്തരവിൽ രൂപീകൃതമായ വിലനിർണ്ണയ കമ്മറ്റിയുടെ തീരുമാന പ്രകാരവും മുകളിൽ വിവരിച്ചിട്ടുള്ളതു പ്രകാരം കാസർഗോഡ്, രാജപുരം, ചീമേനി, നാട്ടുകാണി എന്നീ എസ്റ്റേറ്റുകളിലെ കശുവണ്ടി, കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാകുന്നു. |
| **സി)** | പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ഫാമിൽ നിന്ന് തോട്ടണ്ടി കടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ? | **സി)** | ഇല്ല. |

സെക്ഷൻ ഓഫീസർ